8519
21/8/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ ഔദ്യോഗിക വാഹനത്തിന് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

## സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 532/14/സാനീവ തിരുവനന്തപുരം, തീയതി, 19.08.2014.

==========================================================================

പരാമർശം: സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 29.04.2014 ലെ സി3 - 14728/13 നമ്പർ കത്ത്

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിലെ KL-01-AG-4565 -ാം നമ്പർ ഔദ്യോഗിക വാഹനത്തിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരിശോധനാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, ലേബർ ചാർജിനത്തിൽ 25,620/- രൂപയും സ്പെയർ പാർട്സിനത്തിൽ 7,934/- രൂപയും ഉൾപ്പെടെ ആകെ 33,554/- രൂപയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള അനുമതി പരാമർശത്തിലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പു ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സാമൂഹ്യനീതി ഡയറക്ടറേറ്റിലെ KL-01-AG-4565 -ാം നമ്പർ ഔദ്യോഗിക വാഹനത്തിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ലേബർ ചാർജിനത്തിൽ 25,620/- രൂപയും സ്പെയർ പാർട്സിനത്തിൽ 7,934/- രൂപയും ഉൾപ്പെടെ ആകെ 33,554/- രൂപ (മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി അമ്പത്തിനാല് രൂപ മാത്രം) ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-98-01-(plan) (21)-MV(2) R&M എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൽ.എ. ഗ്രിഗോറിയസ്
ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്) കേരളം , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ( എ & ഇ) കേരളം , തിരുവനന്തപുരം
ധനകാര്യ വകുപ്പ് (54072/ WW3/14/ധന നമ്പർ ഫയൽ പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ